# അഡോണിസിന്റെ മൂന്നു കവിതകൾ



അഡോണിസ്

അലി അഹമ്മദ് സഈദ് ഇസ്ബർ, അഡോണിസ് തൂലികാനാമം. സിറിയയിലെ കസ്സാബിനിൽ ജനനം. ആധുനിക അറബി കവികളിൽ ഏറ്റവും പ്രശസ്തൻ. ചിത്രകാരൻ, നിരൂപകൻ, വിവർത്തകൻ എന്നീ നിലകളിലും പ്രശസ്തൻ. സിറിയൻ പ്രസിഡന്റിന്റെ സ്കോളർഷിപ്പോടെ ഫ്രഞ്ച് ഹൈസ്കൂളിലും ദമാസ്കസ് യൂണിവേഴ്സിറ്റിയിലും പഠനം. തത്വശാസ്ത്രത്തിൽ ബിരുദം. സിറിയൻ സോഷ്യൽ നാഷണലിസ്റ്റ് പാർട്ടിയിൽ പ്രവർത്തിച്ചതിന്റെ പേരിൽ ഒരു വർഷം ജയിൽവാസം. ഏഴു തവണ നോബൽ പ്രൈസിന് ശുപാർശ ചെയ്യപ്പെട്ട അഡോണിസിന് ഗോയ്ഥെ പ്രൈസ്, ഇന്റർനാഷണൽ നസീം ഹിക്മത് കാവ്യപുരസ്കാരം, ബ്രസൽസ് ഇന്റർനാഷണൽ അവാർഡ് തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. 2015ലെ ആശാൻ വിശ്വപുരസ്കാരം സ്വീകരിക്കാൻ അഡോണിസ് കേരളത്തിൽ വന്നിരുന്നു.



## നമ്മുടെ കണ്ണുകളിൽ

നിന്റെ കണ്ണിൽ കണ്ണാഴ്ത്തുമ്പോൾ
ആഴമുള്ള പുലർകാലം ഞാൻ കാണുന്നു
പഴക്കമുള്ള ഇന്നലെയെയും.
കാണാത്തതും കാണുന്നു.
എനിക്കും നിന്റെ കണ്ണുകൾക്കുമിടയിൽ
പ്രപഞ്ചം ഒഴുകുന്നത് ഞാനറിയുന്നു

ചീവീട്



## ചീവീട്

അവർ പറയുന്നു , ഞാൻ മറ്റുള്ളവരെ പോലെയല്ല ആരാധിക്കുന്നതെന്ന്;
എന്റെ നെറ്റിയിൽ പായയും സ്കംഭവും പള്ളിയുമില്ലെന്നും
അവർ പറയുന്നു : അലഞ്ഞു തിരിയുന്നവൻ, അവർ പറയുന്നു : ചീവീട്
ഞാൻ സ്വയം ചോദിച്ചു : വരുംകാലം എന്റെ മുഖത്ത് ബാഷ്പമായോ?
സൂര്യനു വേണ്ടിയായിരുന്നു ഞാനിതുവരെ പാടിയിരുന്നതെന്ന് ഞാനോർത്തു
ഞാൻ സൂര്യനിൽ അലയുന്നവനാണ്,സൂര്യന്റെ ഒരു ചീവീട്

## യാത്രക്കാർ

അത് സ്ത്രീകളുടെ നൗകയേറുന്നു
അത് ഗോവണി കയറുന്നു
ഭൂമിയല്ല ആകാശവുമല്ല അതിനോടു ചോദിക്കുന്നു ,എവിടെ നിന്നാണ്?
തിരമാലകളുടെ ശവങ്ങളിൽ നിന്നു ഒരു യാത്രാസംഘം
ഒന്നുമല്ല ദൈവവുമല്ല അതിനോടു ചോദിക്കുന്നു,എവിടെ നിന്നാണ്?
അത് കരിമ്പാറയിൽ കോറിയിടുന്നു :
'മരിച്ചു കഴിഞ്ഞാൽ
രണ്ടു മാറിടങ്ങളിൽ കടൽ വീണ്ടും പിറവിയെടുക്കും'



വിവ:ഡോ.എം.എ.അസ്കർ